# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2117

26.03.2013 ൽ മറുപടിയ്ക്ക്

## സഹകരണ വകുപ്പ് ചെലവഴിച്ച ബഡ്ജറ്റ് വിഹിതം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) 2012-13 സാമ്പത്തിക വർഷം സഹകരണ വകുപ്പിന് അനുവദിച്ച ബജറ്റ് വിഹിതം എത്രയായിരുന്നു; ബജറ്റ് വിഹിതത്തിന്റെ എത്രശതമാനം ഇതുവരെ ചെലവഴിക്കുകയുണ്ടായി; ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) 2012-13 സാമ്പത്തിക വർഷം സഹകരണ വകുപ്പിന് സംസ്ഥാന പദ്ധതിയിനത്തിൽ 6600.00 ലക്ഷം രൂപയും, എൻ.ആർ.സി (എൽ.റ്റി.ഒ) പദ്ധതി ഇനത്തിൽ 1100.00 ലക്ഷം രൂപയും, എൻ.സി.ഡി.സി. പദ്ധതി പ്രകാരം 5000.00 ലക്ഷം രൂപയും ഉൾപ്പെടെ 12700.00 ലക്ഷം രൂപ സഹകരണ വകുപ്പിന് ബജറ്റ് വിഹിതം അനുവദിച്ചു.<br>ഇതിൽ സംസ്ഥാന പദ്ധതിയിനത്തിൽ 44.27% ഉം എൻ.സി.ഡി.സി. പദ്ധതിയിൽ 59.04% ഉം 23.03.2013 വരെ ചെലവഴിക്കുകയുണ്ടായി. എൻ.ആർ.സി (എൽ.റ്റി.ഒ) പദ്ധതി പ്രകാരമുള്ള 1100.00 ലക്ഷം രൂപ നബാർഡിന്റെ അനുമതി ലഭിക്കാത്തതിനാൽ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) കേന്ദ്ര സർക്കാരിൽ നിന്നും സഹകരണ വകുപ്പിന് 2012-13 സാമ്പത്തിക വർഷം എന്തു തുക വിവിധ പദ്ധതികൾക്കായി ലഭിച്ചു; അതിൽ എന്തു തുക ഇതുവരെ ചെലവഴിച്ചു; ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ബി) കേന്ദ്ര സർക്കാരിൽ നിന്നും സഹകരണ വകുപ്പിന് 2012-13 സാമ്പത്തിക വർഷം തുകയൊന്നും പദ്ധതികൾക്കായി ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | കേന്ദ്രാവിഷ്കൃത പദ്ധതികൾ സഹകരണ വകുപ്പിൽ 2012-2013 ൽ നടപ്പിൽ വരുത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (സി) | കേന്ദ്രാവിഷ്കൃത പദ്ധതികൾ സഹകരണ വകുപ്പിൽ 2012-2013 ൽ നടപ്പിൽ വരുത്തുന്നതിൽ വീഴ്ചയുണ്ടായിട്ടില്ല. എൻ.ആർ.സി (എൽ.റ്റി.ഒ) പദ്ധതി പ്രകാരമുള്ള 1100.00 ലക്ഷം രൂപ നബാർഡിന്റെ അനുമതി ലഭിക്കാത്തതിനാൽ ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ